3118
9/2/18

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്- മേപ്പാടി റെയിഞ്ചിൽ സേവനത്തിലിരിക്കെ സർക്കാർ പണം ദുരുപയോഗം ചെയ്തതുമായി ബന്ധപ്പെട്ട് ശ്രീ.എ.അനിൽകുമാർ, റിട്ടയേർഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരായ അച്ചടക്ക നടപടി- സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.462/2017/വനം തീയതി, തിരുവനന്തപുരം, 30.11.2017.

---

പരാമർശം :- (1) 16.02.2001 ലെ നോർത്തേൺ റീജിയൺ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ബി2-664/2001 നമ്പർ ഉത്തരവ്

(2) 17.10.2001 ലെ സ.ഉ.(സാധാ)നം.435/2001/വനം ഉത്തരവ്

(3) 06.04.2013 ലെ സ.ഉ.(സാധാ)നം.142/2013/വനം ഉത്തരവ്

4) 7.08.2017 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ (ഭരണം) ബി1-6168/01 നമ്പർ കത്ത്

**ഉത്തരവ്**

സൗത്ത് വയനാട് ഡിവിഷനിലെ മേപ്പാടി റെയിഞ്ചിൽ സേവനത്തിലിരിക്കെ സർക്കാർ പണം ദുരുപയോഗം ചെയ്തതുമായി ബന്ധപ്പെട്ട് ശ്രീ.എ.അനിൽകുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ പരാമർശം (1) പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും പരാമർശം (2) പ്രകാരം സർവ്വീസിൽ തിരിച്ചെടുക്കുകയും ചെയ്തു.

2) പ്രസ്തുത വിഷയത്തിൽ ടിയാന് 30.07.2001 ൽ കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും കെ.എസ്.ആർ.ഭാഗം മൂന്ന് ചട്ടം മൂന്ന് പ്രകാരം ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും 3,50,000/- രൂപ (മൂന്നര ലക്ഷം രൂപ) ഈടാക്കുന്നതിനും പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ ഈടാക്കുന്നതിനും പരാമർശം (3) പ്രകാരം ഉത്തരവാകുകയും ചെയ്തു.

3) ശ്രീ.എ.അനിൽകുമാർ, റെയിഞ്ച് ഓഫീസർ (റിട്ട) ന്റെ സസ്പെൻഷൻ കാലത്തെ ശമ്പളവും അലവൻസും നൽകുന്നത് സംബന്ധിച്ച എം.ഡി.പി.16(30) (എ)യിലെ നിയമത്തിൻ കീഴിലുള്ള ഉപജീവനബത്ത അനുസരിച്ച് മേജർ ശിക്ഷയുടെ കാര്യത്തിൽ പരിമിതപ്പെടുത്തുന്നതിനും, ടിയാന്റെ 17.02.2001 മുതൽ 20.11.2001 വരെയുള്ള സസ്പെൻഷൻ കാലയളവ് പെൻഷൻ ആനുകൂല്യത്തിനു

മാത്രം ഡ്യൂട്ടിയായി പരിഗണിച്ചുകൊണ്ടും ടിയാനെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവായതു മുതൽ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചതു വരെയുള്ള കാലയളവ് പ്രവേശന കാലമായോ അർഹതപ്പെട്ട അവധിയായോ ക്രമീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (4) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

4) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ.എ.അനിൽകുമാറിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയിരിക്കുന്നത് കഠിനശിക്ഷ നൽകി ആയതിനാൽ, ടിയാന്റെ 16.02.2001 മുതൽ 16.10.2001 വരെയുള്ള സസ്പെൻഷൻ കാലയളവ് പെൻഷനു മാത്രം ഡ്യൂട്ടിയായി പരിഗണിച്ചുകൊണ്ട് 17.10.2001 മുതൽ ജോലിയിൽ പുനഃപ്രവേശിച്ചതുവരെയുള്ള ഇടവേള കെ.എസ്.ആർ. ഭാഗം 1 ചട്ടം 56 ബി (9)-ാം താഴെയുള്ള കുറിപ്പ് 2 പ്രകാരം പ്രവേശനകാലമായോ, അർഹമായ അവധിയായോ, ഇവ രണ്ടുമായോ കണക്കാക്കി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)
ശ്രീ.എ.അനിൽകുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട)
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം
ധനകാര്യ വകുപ്പ്(അഗ്രി - ബി2/228/2017-ധന പ്രകാരം)
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ